അധ്യായം 11

# മണിയങ്ങാട്ടുകുന്നുംപുറത്തു തൊമ്മച്ചൻ



കുന്നുംപുറത്ത് തൊമ്മച്ചനും ഭാര്യയും

മണിയങ്ങാട്ടുകുന്നുപുറത്തു തറവാട്ടിൽ താമസിച്ചിരുന്ന കുര്യൻ-മറിയം ദമ്പതികളുടെ നാലാമത്തെ സന്താനമായ തൊമ്മച്ചൻ 1914-ൽ ഭൂജാതനായി, സ്കൂൾ ഫൈനൽ പാസ്സായശേഷം കാർഷിക പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിച്ചു. 1939 ജനുവരി 25-ാം തീയതി ചെങ്ങളം മടക്കക്കുന്നിനു സമീപമുള്ള പാലയ്ക്കൽ വീട്ടിൽ ഔസേപ്പ്-മറിയം ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ മറിയാമ്മയെ ജീവിത പങ്കാളിയായിവരിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാലാ സെന്റ് മേരീസ് സ്കൂളിൽ അധ്യാപകയായിരുന്നു പ്രസ്തുത മറിയാമ്മ. 1919 നവംബറിലായിരുന്നു മറിയാമ്മയുടെ ജനനം.

തൊമ്മച്ചൻ മറിയാമ്മ ദമ്പതികൾക്ക് നാലുപുത്രന്മാരും ഏഴു പുത്രിമാരും ജാതരായി.

മൂത്തമകൾ ബെറ്റി 1942 ഒക്ടോബർ 23-നു ജനിച്ചു. മുതലക്കോടം പാറത്തലയ്ക്കൽ മത്തായി-ഏലി മകൻ മത്തച്ചൻ 1960-ൽ

ബെറ്റിയെ പാണിഗ്രഹണം ചെയ്തു. മത്തച്ചന്റെ ജനനം 1925 മാർച്ച് 3-ാം തീയതി ആയിരുന്നു.

ബെറ്റി മത്തച്ചൻ ദമ്പതികൾക്ക് ബെന്നി, റ്റോമി, ഷൈനി, നിബു എന്നിവരാണ് മക്കൾ.

ബി.കോം വിദ്യാഭ്യാസത്തിന് ശേഷം സ്വന്തമായി ബിസിനസ് നടത്തിക്കൊണ്ടിരുന്നു ബെന്നി 1992-ൽ കൊററമം പള്ളി ഇടവക ഇടശ്ശേരി വീട്ടിൽ നിന്ന് ലാലിയെ സ്വകുടുംബിനിയാക്കി.

ബി.കോം ബിരുദവും പ്രന്റിംഗ് ഡിപ്ലോമയും കരസ്ഥമാക്കിയ ഇരുപത്തെട്ടുകാരാനായ രണ്ടാമത്തെ പുത്രൻ റ്റോമി 1992 മാർച്ച് 15-ാം തീയതി, തിടനാട് ചെന്നയ്ക്കാട്ടുകുന്നേൽ എൽസിയെ പാണിഗ്രഹണം ചെയ്തു റ്റോമി ഗൾഫിൽ പ്രന്റിംഗ് ജോലി ചെയ്യുകയാണ്.

മൂന്നാമത്തെ സന്താനമായ ഷൈനി 1966 മെയ് 18-നു ജനിച്ചു. ഷൈനി എം.എസ്സി. കമ്പ്യൂട്ടർ വിദ്യാഭ്യാസം നേടി. കമ്പ്യൂട്ടർ ജോലിയും സമ്പാദിച്ചു. പാലാക്കാട്ടു പള്ളി ഇടവക വട്ടോത്തുതോമാച്ചനാണ് ഷൈനിയെ മന്ത്രകോടിയണിയിച്ചത്.

നാലാമത്തെ സന്താനമായ നിബു 1974 ജൂൺ 17-ന് ജനിച്ചു. ഐ.റ്റി.ഐ. ഡിപ്ലോമ നേടിയിട്ടുണ്ട്.



**മണിയങ്ങാട്ട് കുന്നുംപുറത്ത് കുര്യാച്ചനും കുടുംബവും**

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ സിറിയക്ക് (കുര്യാച്ചൻ) 1945 ജൂൺ 22-നു ജനിച്ചു. എം.എ., ബി.എഡ്., പാസ്സായ ശേഷം കൂത്തുപറമ്പു നിർമ്മലഗിരി കോളേജിൽ അധ്യാപകനായി. മടക്കത്താനം കളപ്പുരയ്ക്കൽ (മാളിയേക്കൽ)

ജോസഫ്-ഏലി മകൾ ബേബിയാണ് കുര്യച്ചന്റെ ധർമ്മദാരങ്ങൾ 1971 ആയിരുന്നു ഇവരുടെ മംഗല്യം ബേബി ബി.എ. ബിരുദധാരിണിയാണ്. ഈ ദമ്പതികൾക്ക് നാലു മക്കളുണ്ട്

പ്രഥമ സന്താനമായ ഹണി 1973 ഡിസംബർ 1-ന് ജനിച്ചു എം.എ. പഠനം കഴിഞ്ഞു.

രണ്ടാമത്തെ സന്താനമായ റ്റോണി 1976 മെയ് 9-നു ജനിച്ചു എൻജിനീയറിംഗ് ബിരുദ പഠനം നടത്തുന്നു.

മൂന്നാമത്തെ സന്താനമായ ജോമോൻ 1986-ൽ ഭൂജാതനായി. സ്കൂൾ വിദ്യാഭ്യാസം നടത്തുന്നു.

നാലാമത്തെ സന്താനമായ സുതീഷ് 1989-ൽ ജനിച്ചു. സുതിഷ് സ്കൂൾ വിദ്യാർത്ഥിയാണ്. ഈ കുടുംബം നിർമ്മലഗിരിയിൽ താമസിക്കുന്നു.

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ സെലി 1947 ആഗസ്റ്റ് 10-നും ജനിച്ചു. എം.എസ്സി. ബി.എഡ്. ബിരുദങ്ങൾ കരസ്ഥമാക്കി. ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളജ് അധ്യാപികയാണ്. അവിവാഹിത ജീവതം നയിക്കുന്നു.



**മണിയങ്ങാട്ട് കുന്നുംപുറത്ത് ജോസ് തോമസും കുടുംബവും**

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ ജോസ് 1949 ഡിസംബർ 22-നു ജനിച്ചു. എം.എസ്സി, എൽ.എൽ.ബി ബിരുദധാരിയാണ്. എറണാകുളത്ത് പി.ആൻഡ്റ്റി. ഓഫീ

സിൽ ജോലിയാണ്. തുമ്പമൺ കൊച്ചുപൂതക്കുഴിയിൽ ചെറിയാൻ റോസമ്മ മകൾ കുഞ്ഞു മോളാണ് സഹധർമ്മിണി കഞ്ഞുമോൾ സ്റ്റാഫ് നേഴ്സണ്. ഇവർക്കു രണ്ടുപുത്രന്മാരുണ്ട്. 1982 ഡിസംബർ 24-നു ജനിച്ച് ജിനോ 1985-ൽ ജനിച്ച ജിത്തു എന്നിവരാണ് പുത്രന്മാർ.

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ലൂസി 1952 ജനുവരി 16-നു ജനിച്ചു. ബി.എ. ബിരുദധാരിയാണ്. വാഴൂർ ചെങ്കൽ പള്ളി ഇടവക വട്ടക്കുഴി ഔതക്കുട്ടി-റോസക്കുട്ടി ദമ്പതികളുടെ ഏകമകൻ ജോയി ആണ് ലൂസിയുടെ കണവൻ. കാഞ്ഞിരപ്പള്ളി രൂപതാ മുൻ ബിഷപ്പ് മാർ മാത്യു വട്ടക്കുഴി തിരുമേനിയുടെ ഏക സഹോദരീ പുത്രനാണ് ജോയി. ഇദ്ദേഹം ഇപ്പോൾ കാനറാ ബാങ്ക് ഓഫീസറാണ്. ഈ ദമ്പതികൾക്ക് അഞ്ചു, അനൂജ് എന്നു രണ്ടു മക്കളുണ്ട്.

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ ഡെയ്സി 1954 മാർച്ച് 11-നു ജനിച്ചു. എം.ബി.ബി.എസ്. പാസ്സായ ഡെയ്സിയെ രാമപുരം വീട്ടിൽ തോമസ് എം.ബി.ബി.എസ്. വിവാഹം ചെയ്തു. ഈ ഡോക്ടർ ദമ്പതികൾക്ക് സന്തീപ് എന്നൊരു പുത്രനുണ്ട്.

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ ആൻസി 1957 ഏപ്രിൽ 10-നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം പൂവരണി പഴേപറമ്പിൽ അബ്രാഹം റോസമ്മ മകൻ അപ്പച്ചൻ (അബ്രാഹം) ആൻസിയെ വിവാഹം കഴിച്ചു. 1975 ജനുവരി 17-നു ജനിച്ച അഭിലാഷ് ഏക മകനാണ് അഭിലാഷ് ബി.കോം ബിരുദധാരിയാണ്.

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ജോയി 1958 ഫെബ്രുവരി 7-ന് ജനിച്ചു. പ്രീഡിഗ്രിയും ഐ.റ്റി.ഐ.യും കഴിഞ്ഞ് കൃഷിക്കാര്യങ്ങളിൽ ശ്രദ്ധാലുവായി. 1985 ഡിസംബർ 30 -ന് പയസ്മൗണ്ട് ഇടവക പാറപ്ലാക്കൽ ജോസഫ് മറിയാമ്മ മകൾ ലിസ്സിയെ വിവാഹം ചെയ്തു. ലിസ്സിയും പ്രീഡിഗ്രി വിദ്യാഭ്യാസം നേടിയിട്ടുണ്ട്.



മണിയങ്ങാട്ട് കുന്നുംപുറത്ത് ജോയിയും കുടുംബവും

ഈ ദമ്പതികൾക്ക് മൂന്നുമക്കളുണ്ട് 1986 ഒക്ടോബർ 16-നു ജനിച്ച ലിജോ 1990 ജനുവരി 16-നു ജനിച്ച സിജോ 1991 ഏപ്രിൽ 21 -നു ജനിച്ച ജോസി എന്നിവരാണ് ഇവർ. ഇവർ വിദ്യാർത്ഥികളാണ്. ഈ കുടുംബം മൂഴൂർ താമസിക്കുന്നു.



മണിയങ്ങാട്ട് കുന്നുംപുറത്ത് സണ്ണിതോമസും കുടുംബവും

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ ഒൻപതാമത്തെ സന്താനമായ സണ്ണി 1960 മെയ് 16-നു ജനിച്ചു. എം.കോ. പഠനം കഴിഞ്ഞ്

തിരുവനന്തപുരത്ത് പി.ആൻഡ്.ഡി.യിൽ സേവനം ചെയ്യുന്നു. 1990 ഒക്ടോബർ 22-ന് പാദുവാ ഇടവക കൂർക്കമറ്റം ജോസഫ്-മേരി മകൾ ടോറസിനെ വിവാഹം കഴിച്ചു. ചേന്നാട്ടു സ്കൂൾ ടീച്ചറായിരുന്ന ടോറസ്. 1991 മെയ് 23-ന് ടോറസ് ഇഹലോകവാസം വെടിഞ്ഞു. 1992 നവംബർ 20-ന് നെടുമുടിമെതിക്കളത്തിൽ തൊമ്മൻ-ഏലിസബത്ത് ദമ്പതികളുടെ ഇളയമകൾ ഗ്രേസിക്കുട്ടിയെ സണ്ണി പുനർവിവാഹം ചെയ്തു. ഫോറൻസിക് ലാബറട്ടറിയിൽ ജോലിക്കാരിയാണ് ഗ്രേസിക്കുട്ടി. രണ്ടു കുട്ടികളുണ്ട്

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ പത്താമത്തെ സന്താനമായ മോളി 1962 മെയ് 16-നു ജനിച്ചു. കുടമാളൂർ പ്ലാക്കിയിൽ (പ്രൊഫ. പി. സി. ദേവസ്യായുടെ കുടുംബം) ചാക്കോച്ചൻ-മേരി മകൻ ജിമ്മി 1983-ൽ മോളിയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് ജീനാ, ജിനു എന്നുരണ്ടുമക്കളുണ്ട്.

തൊമ്മച്ചൻ-മറിയാമ്മ ദമ്പതികളുടെ പതിനൊന്നാമതു സന്താനമായ റൂബി 1965 ഏപ്രിൽ 10-നു ജനിച്ചു. എം.എ. ബിരുദം നേടി. പൊൻകുന്നം കുരിക്കാട്ടിൽ കുഞ്ഞുഞ്ഞു റോസ മകൻ സാബു റൂബിയെ മംഗല്യം ചാർത്തിവരിച്ചു. കോർപ്പറേഷൻ ബാങ്കു ജീവനക്കാരനാണ് സാബു. ഈ ദമ്പതികൾക്ക് ജോസുകുട്ടി, സോമി, മോൻ എന്നു മൂന്നുപുത്രന്മാരാണുള്ളത്. തൊമ്മച്ചൻ കൃഷികാര്യങ്ങളിൽ അതീവ തല്പരനായിരുന്നു. ഇദ്ദേഹം ഉദയഗിരി പ്രദേശത്തെ ഒരു പ്രമുഖ പ്ലാന്ററായിരുന്നു.

